# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. ടി.2393 18.06.2014-ലെ മറുപടിക്ക്**

**പുതിയ മെഡിക്കൽ കോളേജുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പുതിയ എത്ര മെഡിക്കൽ കോളേജുകൾക്കാണ് ശുപാർശ നൽകിയിട്ടുള്ളത്; | എ) പുതിയതായി ഏഴ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാനാണ് ശുപാർശ നൽകിയിട്ടുള്ളത്. |
| ബി) ആയത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; | ബി) മഞ്ചേരി, കോന്നി, ഇടുക്കി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ഹരിപ്പാട് |
| സി) പ്രസ്തുത മെഡിക്കൽ കോളേജുകളുടെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ? | സി)<br>1. മഞ്ചേരി മെഡിക്കൽ കൊളേജ് നിലവിൽ വന്നു കഴിഞ്ഞു. 2013-14 അദ്ധ്യയന വർഷത്തിലെ 100 സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.<br>2) കോന്നി മെഡിക്കൽ കോളേജിലെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു<br>3) ഇടുക്കി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. പ്രസ്തുത മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റലുകൾ, ലബോറട്ടികൾ, ക്ലാസുമുറികൾ എന്നിവയ്ക്ക് നിലവിലുള്ള കെട്ടിടങ്ങൾ രൂപഭേദം വരുത്തി സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പരിശോധന 2014 മെയ് 26,27 തീയതികളിൽ നടന്നു കഴിഞ്ഞിട്ടുണ്ട്. |

4. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 875 ലക്ഷം രൂപ സർക്കാർ ഇതുവരെ അനുവദിച്ചു. പദ്ധതി പ്രദേശത്തെ ആഭ്യന്തര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രദേശത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്.

5. തിരുവനന്തപുരം ജനറൽ ആശുപത്രിയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ചുകൊണ്ട് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് ബി.എസ്.എൻ.എൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രാഥമിക ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. ബി.എസ്.എൻ;എൽ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 190 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

6. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുവാനായി ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് 50 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

7. ഹരിപ്പാട് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്ന മെഡിക്കൽ കോളേജിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ